അനുഭവങ്ങളിലൂടെ.... അബ്ദുൽ മജീദ് സുഹ്‌രി

അബ്ദുല്ല ഉപ്പള - (അബുഹസ്സാൻ)
കടപ്പാട് - ഇസ്‌ലാഹ് മാസിക

താങ്കളുടെ പേരും കുടുംബപശ്ചാത്തലവും?

എന്റെ പേര് അബ്ദുൽ മജീദ്. മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്തിനു സമീപം കാലടി എന്ന സ്ഥലത്താണ് വീട്. ഉപ്പയും ഉമ്മയും മൂന്ന് ജേഷ്ഠന്മാരും നാല് സഹോദരിമാരുമടങ്ങുന്ന വലിയ കുടുംബമാണ് എന്റേത്.

താങ്കളുടെ മതപഠനത്തെക്കുറിച്ചൊന്ന് വിവരിക്കാമോ?

എസ്.എസ്.എൽ.സി. കഴിഞ്ഞ ശേഷം എന്റെ മഹല്ലിലെതന്നെ പള്ളിദർസിൽ മൂന്ന് വർഷം ഓതി. ഒരു സഖാഫിയായിരുന്നു ഉസ്താദ്. അതിന് ശേഷം മറവഞ്ചേരി എന്ന സ്ഥലത്ത് ഒരു വർഷം പഠിച്ചു. പിന്നീട് ഉപരിപഠനത്തിനായി തൃശൂർ ജില്ലയിലെ മാടവന ജാമിഅ അസീസിയ്യ അറബിക് കോളേജിൽ ചേർന്നു. ഇത് കാന്തപുരം ഗ്രൂപ്പിന്റെ സ്ഥാപനമാണ്. അവിടുന്ന് പഠനം പൂർത്തിയാക്കി മൗലവി ആലിം സുഹ്‌രി ബിരുദം നേടി. ശേഷം തൃശൂർ ഊരകം മഹല്ല് ജുമാ മസ്ജിദിൽ ഒരു വർഷം ഖത്തീബായി ജോലി ചെയ്തു. പിന്നീട് പഠിച്ച കോളേജിന്റെ കീഴിലുള്ള പള്ളിയിലും ഇമാമായി ജോലി ചെയ്തു. അതിന് ശേഷം അഴീക്കോട് ഇടിയഞ്ചാൽകര പള്ളിയിലും ജോലി ചെയ്തിരുന്നു.

ആ കാലത്തിലൊക്കെ മുജാഹിദുകളോട് എന്തുതരം സമീപനമായിരുന്നു?

ഞാനൊരു കടുത്ത എസ്.എസ്.എഫ് പ്രവർത്തകനായിരുന്നു. കൊടുങ്ങല്ലൂർ പള്ളിയിൽ ജോലി ചെയ്യുമ്പോൾ കൊടുങ്ങല്ലൂർ സമസ്ത കേരള സുന്നി റെയിഞ്ചിന്റെ ജംഇയ്യത്തുൽ മുഅല്ലിമീൻ ജനറൽ സെക്രട്ടറിയായിരുന്നു. ഒരുവർഷം ഏരിയാട് പഞ്ചായത്തിന്റെ എസ്.എസ്.എഫ് പ്രസിഡണ്ടായിരുന്നു. അതിന് മുമ്പ് നാട്ടിൽ ഉള്ളപ്പോൾ തവനൂർ പഞ്ചായത്ത് എസ്.എസ്.എഫ് വൈസ് പ്രസിഡണ്ടായിരുന്നു. കടുത്ത ക്വുബൂരിയായ സൈനുദ്ദീൻ അൽ-ബുഖാരി ആന്ത്രോത്ത് എന്ന കൂരിക്കുഴി തങ്ങളെ അറിയാത്ത മുജാഹിദുകളുണ്ടാവില്ല. മണിക്കൂറുകളോളം നബി (സ്വ) യെ വിളിച്ച് തങ്ങളേ, തങ്ങളേ എന്ന് അയാൾ പ്രാർത്ഥിക്കുന്ന രംഗം മുജാഹിദ് പ്രഭാഷണങ്ങളിൽ ക്ലിപ്പിംഗിലൂടെ ജനങ്ങൾ എല്ലാവരും കാണുന്നതാണ്. ഇയാളും ഞാനും വളരെ അടുത്ത ബന്ധമായിരുന്നു. പല സ്ഥലത്തും ഇയാളുടെ ഈ സ്വലാത്ത് തുടങ്ങാൻ ഞാനും ഇയാളും കൂടിയാണ് പോകാറുള്ളത്. ഞാൻ ഉൽബോധനപ്രസംഗം നടത്തുകയും ശേഷം ഇയാൾ സ്വലാത്ത് തുടങ്ങുകയും ചെയ്യും. അല്ലാഹു പൊറുത്തുതരട്ടെ. പറഞ്ഞുവന്നത്, അക്കാലഘട്ടത്തിൽ എന്റെ നിലപാട് പറയാനാണ്. മുജാഹിദുകളോടുള്ള എന്റെ സമീപനം എന്തായിരുന്നുവെന്ന് മുകളിൽ വിവരിച്ച എന്റെ ജീവിതപശ്ചാതലത്തിൽ നിന്നുതന്നെ ബോധ്യമാവും. കടുത്ത മുജാഹിദ് വിരോധിയായിരുന്നു ഞാൻ. മുജാഹിദുകളെക്കുറിച്ച് ഇന്ന് സാധാരണക്കാർ വെച്ചുപുലർത്തുന്ന എല്ലാ തെറ്റിദ്ധാരണകളും എനിക്കുമുണ്ടായിരുന്നു. സുന്നി വിശ്വാസങ്ങളെ എതിർക്കുന്ന മുജാഹിദ് പ്രഭാഷണങ്ങളെ മാത്രമല്ല, മുജാഹിദുകൾ നടത്തുന്ന ഏതൊരു പരിപാടിയേയും വെറുപ്പോടെയും അങ്കലാപ്പോടെയുമായിരുന്നു കണ്ടിരുന്നത്. ഞാൻ ഓർക്കുന്നു, കൊടുങ്ങല്ലൂർ ജോലി ചെയ്യുന്ന സമയത്ത് അവിടെ ടൗൺഹാളിൽ വെച്ച് നിച്ച് ഓഫ് ട്രുത്ത് സംഘടിപ്പിച്ച എം.എം. അക്ബർ സാഹിബിന്റെ ഒരു പരിപാടിയുണ്ടായിരുന്നു. അന്ന് ഞങ്ങൾ യോഗം കൂടി ആ പരിപാടിയിലേക്ക് ആരും പോകരുതെന്ന് തീരുമാനിച്ചു. അങ്ങിനെ മുജാഹിദുകളോടുള്ള ഈ സമീപനം മനസ്സിൽ വെച്ചുകൊണ്ടുതന്നെ ഞാൻ സൗദിയിലേക്ക് ജോലി ആവശ്യാർത്ഥം പോയി. സൗദിയിലെ ജിദ്ദയിൽ ഒന്നര വർഷത്തോളം ജോലി ചെയ്തു. അവിടെ നിന്നാണ് മുജാഹിദ് പ്രസ്ഥാനത്തെക്കുറിച്ച് പഠിക്കാൻ എനിക്ക് അവസരം ലഭിക്കുന്നത്.

ഇസ്‌ലാഹി പ്രസ്ഥാനവുമായി ബന്ധപ്പെടാനുണ്ടായ സാഹചര്യങ്ങളും അതിലേക്ക് നയിച്ച കാരണങ്ങളും ഒന്ന് വിശദീകരിക്കാമോ?

എന്റെ ഒരു ജേഷ്ഠനായ അബ്ദുൽ റസാഖ് അന്ന് ജിദ്ദയിലുണ്ടായിരുന്നു. അദ്ദേഹവും ഞാനും ഒരേ കടയിലായിരുന്നു ജോലി ചെയ്തിരുന്നത്. അദ്ദേഹവും എന്നെപ്പോലെ നിരവധി വർഷം പള്ളിദർസുകളിൽ ഓതിപ്പഠിച്ചയാളാണ്. ഇന്ന് തർക്കത്തിലിരിക്കുന്ന എല്ലാ വിഷയങ്ങളിലും ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ കാഴ്ചപ്പാടാണ് ശരിയെന്ന് നേരത്തെതന്നെ മനസ്സിലാക്കിയ ആളാണ് അദ്ദേഹം. അദ്ദേഹവും ഈ സത്യപാതയിലേക്ക് എത്തിയതിന് പിന്നിൽ പഠനാർഹമായ ഒരുപാട് സംഭവവികാസങ്ങളുണ്ട്. അദ്ദേഹത്തെ തിരിച്ച് സുന്നത്ത് ജമാഅത്തിലേക്ക് കൊണ്ടുവരിക എന്നതുകൂടി എന്റെ ഉള്ളിലുണ്ടായിരുന്നു. അങ്ങനെ ഞങ്ങൾ തമ്മിൽ

എല്ലാ തർക്ക വിഷയങ്ങളും ചർച്ച ചെയ്യാൻ തുടങ്ങി. ഞാനും അദ്ദേഹവും ഒരുപോലെ കിതാബുമായി ബന്ധമുള്ളവരായിരുന്നതുകൊണ്ട് രണ്ടുപേർക്കും ദുർവ്യാഖ്യാനത്തിന് യാതൊരു പഴുതുമില്ലായിരുന്നു. പിന്നെ സത്യമെന്തായാലും അത് സ്വീകരിക്കുക എന്നതായിരിക്കണമല്ലോ നമ്മുടെ ലക്ഷ്യവും. അങ്ങിനെ ആദ്യംതന്നെ ഞങ്ങൾ ചർച്ച ചെയ്തത് ഇസ്തിഗാസയായിരുന്നു. അഊദു ബി കലിമാത്തില്ലാഹിത്താമ..... എന്നുതുടങ്ങുന്ന പ്രാർത്ഥനയിലെ കലിമാത്തുകൊണ്ട് വിവക്ഷിക്കുന്നത് മഹാന്മാരുടെ ആത്മാക്കളാണെന്ന് റാസി പറഞ്ഞിട്ടില്ലേ എന്നതായിരുന്നു എന്റെ ചോദ്യം. ഇത് സഖാഫികൾ മുഖാമുഖങ്ങളിൽ പറയുന്ന സ്ഥിരംതെളിവാണ് താനും. ശരി, എന്നാൽ നമുക്ക് റാസി പരിശോധിക്കാമെന്നായി ജേഷ്ഠൻ. അങ്ങനെ ഞാനും ജേഷ്ഠനും കൂടി ജിദ്ദയിലെ ഇസ്ലാഹ് മാസികയുടേയും ഇസ്ലാഹി പ്രസ്ഥാനത്തിന്റെയും സജീവ പ്രവർത്തകനായ തിരൂരങ്ങാടി സ്വദേശി എം.വി. ഖാലിദ് സാഹിബിന്റെ സമീപത്ത് പോയി. അവിടെ വെച്ച് റാസി പരിശോധിച്ചു. യഥാർത്ഥത്തിൽ ഞാൻ പറഞ്ഞ (സഖാഫികൾ സ്ഥിരം പറയാറുള്ള) ആ വാദം ചില യുക്തിചിന്തകരുടെ അഭിപ്രായമായി റാസി ഉദ്ധരിച്ചതാണെന്നും എന്നിട്ട് റാസി തന്നെ അതിനെ ഖണ്ഡിക്കുകയാണെന്നും അവർ എനിക്ക് ബോധ്യപ്പെടുത്തിതന്നു. ഖുറാഫി മുസ്ലിയാക്കന്മാർ സ്ഥിരം നടത്തുന്ന തട്ടിപ്പ് ആദ്യമായി മനസ്സിലാവുന്നത് അങ്ങിനെയാണ്.

പിന്നീട് ഞാൻ പറഞ്ഞ തെളിവ്, അബൂ മസ്ഊദ് (റ) തന്റെ അടിമയെ അടിച്ചപ്പോൾ ആ അടിമ അല്ലാഹുവിനെ വിളിച്ച് സഹായം തേടിയിട്ടും അടി നിറുത്തിയില്ലെന്നും എന്നാൽ റസൂലിനെ വിളിച്ച് ഇസ്തിഗാസ നടത്തിയപ്പോൾ അടി നിറുത്തിയെന്നുമാണ്. ഇതും ഖുറാഫി സ്റ്റേജുകളിൽ സ്ഥിരമായി കേൾക്കാറുള്ളതാണ്. ഹദീസ് ഗ്രന്ഥങ്ങളിൽ പല രിവായത്തുകളിലായി വന്ന ആ ചരിത്രത്തിന്റെ യാഥാർത്ഥ്യം ജേഷ്ഠൻ എനിക്ക് ഗ്രന്ഥങ്ങളിൽ നിന്ന് കാണിച്ചുതന്നു. താൻ മർദ്ദിക്കപ്പെടുമ്പോൾ സമീപത്തിലൂടെ നടന്നുപോയ റസൂലിനെ വിളിക്കുക മാത്രമാണ് ചെയ്തതെന്നും അത് ഇന്ന് തർക്കത്തിലിരിക്കുന്ന ഇസ്തിഗാസയുമായി യാതൊരു ബന്ധവുമില്ലെന്നും എനിക്ക് ബോധ്യമായി. സുന്നികളും മുജാഹിദുകളും തമ്മിലുള്ള ഏറ്റവും പ്രധാനപ്പെട്ട തർക്കവിഷയമായ ഈ ഒരു വിഷയത്തിൽതന്നെ ശരി പൂർണമായും മുജാഹിദുകളുടെ കൈവശമാണ് എന്ന് എനിക്ക് ബോധ്യമായി. ആ സത്യം അവിടെ എന്നെ കൊണ്ടുനടന്നിരുന്ന ഖുറാഫി സുഹൃത്തുക്കളോട് ഞാൻ തുറന്നുപറഞ്ഞു. അതോടെ അവർ അങ്കലാപ്പിലായി. നിനക്ക് എന്ത് സംശയമുണ്ടെങ്കിലും നമുക്ക് സംസാരിക്കാമെന്നായി അവർ. അങ്ങനെ ജിദ്ദയിലെ ഐ.ഡി.സി. (ഇസ്ലാമിക് ദഅ്വാ സെന്റർ) യിൽ അവർ എന്നെ കൊണ്ടുപോയി. അവിടെ സുലൈമാൻ ഫൈസി എന്ന പണ്ഡിതനുമായി ആയിരുന്നു ചർച്ച. ഞാൻ ആദ്യമായി ചോദിച്ചത്, ഇസ്തിഗാസയുടെ ഹുക്മ് (വിധി) എന്ത് എന്നായിരുന്നു. അത് ജാഇസ് (അനുവദനീയം) മാത്രമാണ് എന്ന് ഫൈസി മറുപടിയും പറഞ്ഞു. അടിസ്ഥാനപരമായ ഈ തർക്കത്തിൽ മുജാഹിദുകളുടെ വാദമാണ് ശരി എന്ന് സങ്കൽപിച്ചാൽ നാളെ പരലോകത്ത് വെച്ച് നമ്മൾ നരകാവകാശികളിൽ പെടില്ലേ എന്നായി എന്റെ അടുത്ത ചോദ്യം. അതല്ല, നമ്മുടെ വാദമാണ് ശരിയെങ്കിൽ കേവലം അനുവദനീയം മാത്രമായ ഈ പ്രവർത്തികൊണ്ട് നമുക്ക് പരലോകത്ത് ഒന്നും കിട്ടാനില്ലതാനും. അങ്ങിനെ നോക്കുമ്പോൾ സൂക്ഷ്മതക്ക് നല്ലത് ഇസ്തിഗാസ പ്രോത്സാഹിപ്പിക്കാതിരിക്കുകയല്ലേ എന്നതായിരുന്നു എന്റെ അടുത്ത ചോദ്യം. 'നമ്മൾ ഇസ്തിഗാസയെ പ്രോത്സാഹിപ്പിക്കുന്നില്ലല്ലോ, മുജാഹിദുകൾ അത് ശിർക്കാണെന്ന് പറയുമ്പോൾ അല്ല, അത് അനുവദനീയമാണ്' എന്ന് പറയുക മാത്രമല്ലേ ചെയ്യുന്നുള്ളു എന്നായിരുന്നു ഫൈസിയുടെ മറുപടി. അത് ശരിയല്ലെന്നും ഖുതുബിയ്യത്തും മറ്റും നേർച്ചയാക്കാൻ സാധാരണക്കാരെ നാം ഉപദേശിക്കാറില്ലേ എന്ന് ഞാൻ തിരിച്ചുചോദിച്ചപ്പോൾ ഫൈസി ഉത്തരം മുട്ടുന്നതാണ് ഞാൻ കണ്ടത്. അവിടംമുതലാണ് മുജാഹിദ് പ്രസ്ഥാനത്തെക്കുറിച്ചുള്ള പഠനം ആരംഭിക്കുന്നത്. പിന്നീട് മുഹ്യിദ്ദീൻ ശൈഖിന്റെ പ്രഭാഷണ സമാഹാരമായ ഫത്ഹു റബ്ബാനി എന്ന ഗ്രന്ഥം മേൽ പറഞ്ഞ ഖാലിദ് സാഹിബ് എനിക്ക് തന്നു. ഇന്ന് സമസ്തക്കാർ പരിചയപ്പെടുത്തുന്ന മുഹ്യുദ്ദീൻ ശൈഖും യഥാർത്ഥ മുഹ്യുദ്ദീൻ ശൈഖും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് എനിക്ക് മനസ്സിലായി. എങ്കിലും മുജാഹിദ് പ്രസ്ഥാനത്തിൽ ചേർന്ന് പ്രവർത്തിക്കാൻ എനിക്ക് താൽപര്യമില്ലായിരുന്നു.

എന്തായിരുന്നു അങ്ങനെ ഒരു നിലപാട് സ്വീകരിക്കാൻ കാരണം?

ഇസ്തിഗാസയുടെ വിഷയത്തിൽ മുജാഹിദുകൾ പറയുന്നതാണ് ശരിയെന്ന് ബോധ്യമായി. എങ്കിലും ഇനിയും പല തെറ്റിദ്ധാരണകളും എന്റെ മനസ്സിൽ ഉണ്ടായിരുന്നു. മുജാഹിദുകൾ റസൂലിനെ സ്നേഹിക്കാത്തവരാണെന്നും റസൂലിനെ സാധാരണക്കാരനാക്കുന്നുവെന്നും തുടങ്ങി പലവിഷയങ്ങളുമുണ്ടായിരുന്നു.

അതെല്ലാം വെറും തെറ്റിദ്ധാരണയാണെന്ന് പിന്നീടെങ്ങെനെയാണ് മനസ്സിലായത്?

ബഹുമാന്യ പണ്ഡിതൻ ഹുസൈൻ സലഫിയുടെ 'റമദാൻ വിട പറയുന്നില്ല' എന്ന ഒരു സി.ഡി. ഞാൻ കേൾക്കാൻ ഇടയായി. അതെന്നെ വല്ലാതെ സ്വാധീനിച്ചു. പിന്നീട് ഞാൻ ഹുസൈൻ സലഫിയുടേയും സകരിയ്യാ സ്വലാഹിയുടേയും പ്രഭാഷണങ്ങൾ നിരന്തരം കേൾക്കുകയും ഈ തെറ്റിദ്ധാരണകളെല്ലാം തിരുത്തുകയും ചെയ്തു. ശേഷം ഇസ്ലാഹി സെന്ററുമായും ബഹുമാന്യനായ ഉമർ ഫൈസിയുമായും ബന്ധപ്പെടുകയും കൂടുതൽ പഠിക്കുകയും ചെയ്തു.

ഒരു പണ്ഡിത കുടുംബാംഗമെന്ന നിലയിൽ താങ്കളുടെ ഈ മാറ്റം നാട്ടിൽ ഏതുരീതിയിലാണ് പ്രതിഫലിച്ചത്?

എന്റെ ഒരു ജേഷ്ഠൻ ഒരു അഹ്സനിയുണ്ട്. ഞാൻ നാട്ടിൽ വന്ന ശേഷം ഈ വിഷയങ്ങളെല്ലാം അദ്ദേഹവുമായി ചർച്ചചെയ്തു. പക്ഷെ ഒന്നും ഉൾകൊള്ളാൻ അവർ തയ്യാറായിരുന്നില്ല. പിന്നീട് എന്നെക്കുറിച്ച് വ്യക്തിപരമായി കുപ്രചരണങ്ങൾ അഴിച്ചുവിട്ടും എന്റെ കല്ല്യാണം മുടക്കിയും എന്നെ മാനസികമായും വളരെ പീഡിപ്പിച്ചുംകൊണ്ടാണ് ഖുറാഫികൾ എതിരിട്ടത്. ആറുമാസത്തെ ലീവിന് നാട്ടിൽ

വന്ന എനിക്ക് ആറുമാസം നിൽക്കാൻ സാധിക്കാതെ ഗൾഫിലേക്കുതന്നെ തിരിച്ചുപോകേണ്ടി വന്നു. ജിദ്ദയിൽ നിന്ന് നേരെ യാംബോ ഇസ്‌ലാഹി സെന്ററിന്റെ ദാഇയായി അവർ എന്നെ ക്ഷണിച്ചു. അവിടുത്തെ ശൈഖന്മാരുടെ ഇന്റർവ്യൂ കഴിഞ്ഞ് ഞാൻ യാംബോയിൽ ദാഇയായി ജോലി ചെയ്യാൻ തുടങ്ങി.

ഈയടുത്തകാലത്തായി നടന്ന സംവാദങ്ങളെ താങ്കൾ എങ്ങിനെ വിലയിരുത്തുന്നു?

എന്റെ പഠനത്തിന് ചില സംവാദങ്ങൾ വളരെയധികം സഹായകമായിട്ടുണ്ട്. പ്രത്യേകിച്ച് മണ്ണാർക്കാട് സംവാദം. സഖാഫികൾ അതുവരെ കൊട്ടിഘോഷിച്ച് നടന്നിരുന്ന സ്വമദിയ്യത്ത് വാദം തകർന്നു തരിപ്പണമാകുന്നത് നേരിൽ കണ്ട സംവാദമായിരുന്നല്ലോ അത്. പിന്നീട് ഈ സ്വമദിയ്യത്ത് ഇവർ വല്ലാതെ ഉപയോഗിച്ചുകണ്ടിട്ടില്ല. ശേഷം നടന്ന ഹൊസങ്കടി സംവാദത്തിൽ ഒരു ആകാംക്ഷയുണ്ടായിരുന്നു. കാരണം മറുവശത്ത് പേരോട് അബ്ദുറഹിമാൻ സഖാഫിയായിരുന്നല്ലോ. എന്ത് സംഭവിക്കും എന്നറിയാൻ കൗതുകമുണ്ടായിരുന്നു. പക്ഷെ, മണ്ണാർക്കാട് സഖാഫികൾ മുഖം കുത്തിയതിനേക്കാൾ ദയനീയമായിരുന്നു ആ സംവാദത്തിൽ പേരോടിന്റെ പതനം. അല്ലാഹുവോട് ചോദിക്കുന്ന എല്ലാകാര്യങ്ങളും സൃഷ്ടികളോട് ചോദിക്കാമോ എന്ന സ്വലാഹിയുടെ ആവർത്തിച്ചുള്ള ചോദ്യത്തിന് മറുപടി പറയാതെ പേരോട് ഉരുണ്ടുമറിയുന്നതാണ് കണ്ടത്. മാത്രവുമല്ല, ആവശ്യമില്ലാത്ത ഒരു വിഷയം വലിച്ചിട്ട് പേരോട് സ്വയം കുഴിതോണ്ടിയതും ഈ സംവാദത്തിന്റെ പ്രത്യേകതയായിരുന്നു. പിന്നീട് നടന്ന എടമുട്ടം സംവാദം, അത് പൂർണമായില്ലെങ്കിലും സഖാഫികളുടെ ആദർശപാപ്പരത്തം മനസ്സിലാക്കാൻ അത് മതിയായിരുന്നു. ഇവരുടെ ആശയദാരിദ്ര്യത്തിന് തെളിവായിരുന്നല്ലോ ഈയിടെ കോട്ടക്കൽ നടന്ന സംവാദവും.

കോട്ടക്കൽ സംവാദത്തിൽ അഹ്സനിമാർ രംഗത്തിറക്കിയ 'യാ അയ്യുഹല്ലദീന ആമനൂ ലാ തഖ്ലൂ റാഇനാ വ കൂലൂ ഉൻളുർനാ' എന്ന ആയത്തിനെക്കുറിച്ച് എന്താണ് താങ്കൾക്ക് പറയാനുള്ളത്?

സത്യത്തിൽ ആരേയും അമ്പരപ്പിക്കുന്ന ഒരു തെളിവാണ് പ്രസ്തുത ആയത്ത്. അനവധി വർഷം അവരുടെ കൂട്ടത്തിൽ നടന്ന ആളാണല്ലോ ഞാൻ. അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കാൻ ആദ്യമായി കൊട്ടപ്പുറത്തുവെച്ച് കാന്തപുരം അബൂബക്കർ മുസ്‌ലിയാർ ക്വുർആനിൽനിന്ന് തെളിവ് പറഞ്ഞതു മുതൽ ഇസ്തിഗാസക്ക് തെളിവായി പല ആയത്തുകൾ ഓതിയപ്പോഴും ഈയൊരു ആയത്ത് കേരളത്തിലെ ഒരു സുന്നി പണ്ഡിതനും പരാമർശിക്കുന്നതുപോലും ഞാനെന്നല്ല ഒരാളും കേട്ടിട്ടില്ല. ദുർവ്യാഖ്യാനത്തിൽ സഖാഫികളെ കവച്ചുവെക്കാനായിരിക്കണം അഹ്സനിമാർ ഇങ്ങനെ ഒരു ആയത്ത് രംഗത്തിറക്കിയത്. യഥാർത്ഥത്തിൽ പ്രസ്തുത ആയത്തുകൊണ്ട് എന്താണ് വിവക്ഷിക്കുന്നതെന്നും അതിന്റെ അവതരണ പക്ഷാത്തലമെന്താണെന്നും ഏതൊരു സാധാരണക്കാരനും മനസ്സിലാക്കാവുന്നതേയുള്ളൂ. തർക്കത്തിലിരിക്കുന്ന വിഷയവുമായി യാതൊരു ബന്ധവുമില്ലാത്തതാണ് പ്രസ്തുത ക്വുർആനിക സൂക്തമെന്ന് കേരളത്തിലിറങ്ങിയ സുന്നി പരിഭാഷകൾതന്നെ പരതുന്ന ആർക്കും ബോധ്യമാവും.

ഇപ്പോൾ നാദാപുരത്തുവെച്ച് പേരോട് അബ്ദുറഹിമാൻ സഖാഫിയും ഹുസൈൻ സലഫിയും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന ഖണ്ഡന പരമ്പരയെ എങ്ങനെ വിലയിരുത്തുന്നു?

വിഡ്ഢിത്തരം പറയുന്നതിൽ എന്നും മുൻപന്തിയിൽ നിൽക്കുന്ന പേരോട് അബ്ദുറഹിമാൻ സഖാഫിയുടെ അബദ്ധ ജഡിലമായ വാദങ്ങൾ ഏതൊരു സാധാരണക്കാരനും ബോധ്യപ്പെടാൻ നാദാപുരം ഖണ്ഡനത്തിന്റെ പേരോട് തന്നെ പുറത്തിറക്കിയ സി.ഡി. കണ്ടാൽമതി. ഹജ്ജിനെ ആണ്ടുനേർച്ചയായും മിനയിൽ വിവിധ രാഷ്ട്രങ്ങളുടെ കൊടി കുത്തിയതിനെ കൊടികുത്ത് നേർച്ചയായും പരിചയപ്പെടുത്തിയ ഇയാൾ വിഡ്ഢിത്തരങ്ങളുടെ ഒരു ഘോഷയാത്ര തന്നെ നാദാപുരത്ത് നടത്തിയിട്ടുണ്ട്. ഇപ്പോൾ നാദാപുരം ഖണ്ഡനം എങ്ങനെയെങ്കിലും ഒന്നു നിർത്തിക്കിട്ടാൻ വേണ്ടി സകല ശ്രമവും പേരോട് നടത്തുന്നുണ്ട്. പേരോട് അവസാനം നടത്തിയ പ്രഭാഷണത്തിന്റെ സി.ഡി. വരെ പുറത്തിറക്കാത്തത് നാദാപുരം ഖണ്ഡനം എങ്ങനെയെങ്കിലും അവസാനിപ്പിച്ചേ തീരൂ എന്ന ഉദ്ദേശത്തിന്റെ ഭാഗമായിരിക്കണം. ഇപ്പോൾ തന്നെ നാദാപുരം ഖണ്ഡനംകൊണ്ട് ഉണ്ടായ മാറ്റങ്ങൾ പറഞ്ഞറിയിക്കാൻ വയ്യാത്തതാണ്. ആ മാറ്റങ്ങൾ പേരോടും മനസ്സിലാക്കുന്നുണ്ടാകുമല്ലോ.

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ജിന്ന്, സിഹ്ർ വിവാദത്തെക്കുറിച്ച് എന്താണ് താങ്കളുടെ വീക്ഷണം?

മടവൂർ വിഭാഗം ഈ വിഷയകമായി പറയുന്ന വാദങ്ങൾ കേൾക്കുമ്പോൾ നമുക്ക് അൽഭുതമാണ് തോന്നുന്നത്. തന്റെ ബുദ്ധിക്ക് യോജിക്കുന്നില്ല എന്ന ഒരു ഒറ്റക്കാരണംകൊണ്ട് പല ഹദീസുകളും പുച്ഛിച്ചുതള്ളുന്ന സ്വഭാവം അബ്ദുസ്സലാം സുല്ലമിക്ക് മുമ്പേയുണ്ടെങ്കിലും ക്വുർആനും ഹദീസും പഠിച്ച പണ്ഡിതന്മാർ വേറെയുമുണ്ടല്ലോ മടവൂർ വിഭാഗത്തിൽ. ഈ വിഷയകമായി അവർ കാണിക്കുന്ന അർത്ഥഗർഭമായ മൗനം കാണുമ്പോൾ നമുക്ക് അൽഭുതം തോന്നുകയാണ്.

ഇസ്‌ലാഹ് മാസികയെ താങ്കൾ എങ്ങിനെ നോക്കിക്കാണുന്നു?

ഖുറാഫീ പാളയത്തിൽ അങ്കലാപ്പ് സൃഷ്ടിച്ചുകൊണ്ടാണ് ഇസ്‌ലാഹ് മാസികയുടെ മുന്നേറ്റം. ഏതൊരു സാധാരണക്കാരനും കാര്യം ഗ്രഹിക്കാൻ ഇസ്‌ലാഹ് മാസിക ഉപകരിക്കുന്നു എന്നത് അതിന്റെ ആവശ്യകതയെ വിളിച്ചറിയിക്കുന്നു. പ്രത്യേകിച്ചും ശാഫി സ്വലാഹി ചങ്ങലീരിയുടെ സുന്നി സാഹിത്യങ്ങൾ സ്കാൻ ചെയ്തുകൊണ്ടുള്ള ലേഖന പരമ്പര തെളിവന്വേഷിക്കുന്ന ഏതൊരു മനുഷ്യനും ഉപകരിക്കുന്നതാണ്. എങ്കിലും ഇസ്‌ലാഹിലെ ചില പരാമർശങ്ങളും പ്രയോഗങ്ങളും ഒന്നു മിതപ്പെടുത്തിയാൽ നന്നായിരിക്കും എന്നൊരു അഭിപ്രായമുണ്ട്. മാസികക്കും അതിന്റെ അണിയറ ശിൽപികൾക്കും അല്ലാഹു തക്കതായ പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.